## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 546 — 12.06.2012-ൽ മറുപടിയ്ക്ക്

### വനംവകുപ്പിൽ നിന്നും മില്ല് / ഫർണിച്ചർ യൂണിറ്റുകൾക്ക് എൻ.ഒ.സി. നൽകൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ : | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം വനം വകുപ്പിൽ നിന്നും എത്ര മില്ലുകൾക്ക്/ഫർണിച്ചർ യൂണിറ്റുകൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ടെന്നും, എത്ര അപേക്ഷകൾ പെൻഡിംഗിലുണ്ടെന്നും വ്യക്തമാക്കുമോ; | (എ) 619 മില്ലുകൾക്കും 899 ഫർണിച്ചർ യൂണിറ്റുകൾക്കും എൻ.ഒ.സി നൽകിയിട്ടുണ്ട് (ആകെ 1518 യൂണിറ്റുകൾ). 31.05.2012 വരെ ലഭിച്ച 8235 അപേക്ഷകൾ പെൻഡിംഗിലുണ്ട്. |
| (ബി) എൻ.ഒ.സി. വിതരണത്തിൽ വളരെയധികം കാലതാമസം നേരിടുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ കാലതാമസം ഒഴിവാക്കി എൻ.ഒ.സി. ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) എൻ.ഒ.സി നൽകുന്നതിനുള്ള കാലതാമസവും നടപടികളിലെ പ്രയാസങ്ങളും ഒഴിവാക്കുന്നതിനായി സമഗ്രമായ ചട്ടങ്ങൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സോമിൽസ് & അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രീയൽ യൂണിറ്റ്സ്) റൂൾസ്, 2012 എന്ന ചട്ടങ്ങൾ എസ്.ആർ.ഒ നമ്പർ 269 ആയി 19.04.2012 - ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളനുസരിച്ച് മരാധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് വനംവകുപ്പിന്റെലൈസൻസ് അനുവദിക്കുന്നതിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. അപേക്ഷകൾ സ്വീകരിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും ടി ചട്ടങ്ങളിൽ സമയപരിധി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശികയുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് അയച്ചുകൊടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ